(ഡി) ബി. ഫാമിന് പഠിക്കുന്ന കുട്ടികളും നാലുകൊല്ലം കൊണ്ടാണ് കോഴ്സ് പൂർത്തിയാക്കുന്നത്.

(ഇ) അറിവില്ല.

പ്രഭുറാംമിൽസ്

10 (38) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ പ്രഭുറാംമിൽസ് എന്നപേരിൽ ഒരു സ്പിന്നിംഗ്മിൽ കൂടി സ്ഥാപിച്ചു നടത്തുന്നകാര്യത്തെപ്പറ്റി നിരവധി നിവേദനങ്ങൾ നടത്തിയിട്ടുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മില്ലിന്റെ പ്രവർത്തനങ്ങൾ ഏതു വിധത്തിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്നുള്ള വിവരം വെളിപ്പെടുത്തുമോ;

(സി) ഈ മില്ലിന് ആവശ്യമുള്ള മിഷ്യനറികൾ വരുത്തിയിട്ടുണ്ടോ;

(ഡി) അതിന്റെ ഇന്നത്തെ അവസ്ഥ എന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വ്യവസായ വികസനകോർപ്പറേഷൻ, ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് ബാങ്ക് ആഫ് ഇൻഡ്യ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി 1970 ഡിസംബർ മാസത്തോടുകൂടി ഈ മില്ലിൽ ഉൽപ്പാദനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇറക്കുമതി ചെയ്തിട്ടുള്ള മിഷ്യനറികൾ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നു.

Marine Engine Industrial Estate.

11. [40] **Shri S. P. Luiz :** Will the Industries and Labour Minister be pleased to state:

(a) How many acres of land in South Kalamassery were acquired for the Norwegian Marine Engine Industrial Estate and when was this done;

(b) Was any arrangement made to accommodate those residing in these acquired lands;

(c) If so where;

(d) Was any writ filed in the Kerala High Court regarding this acquisition since the land is not being utilised for the purposes for which it is acquired;

(e) Was any declarative suits filed in this connection in Ernakulam Sub Courts;

LIBRARY ARCHIVES Kerala Legislative Assembly

(f) To whom was the land thus acquired given;

(g) The names of persons to whom the land was given or is proposed to be given may also be stated?

Answer

(a) 77 Acres, 86 cents and 461 Sq. links (31.51 Hectares). An area of 11 acres 68 cents and 202 Sq. Links was not however taken possession of since an O. P. was pending in respect of the area, and as an injunction order of the Ernakulam Munsiff is in force after dismissal of the O. P.

The declaration for the acquisition was made in the Government Gazette dated 18-1-1966.

(b) No

The residents themselves have settled elsewhere with the aid of the compensation paid for the acquisition.

(c) Does not arise in view of answer to part (b)

(d) Yes.

(e) No

A Suit is however pending in the Munsiff's Court, Ernakulam.

(f) Industries Department.

(g) The matter is under consideration.

കാഷ്യൂ ഫാക്ടറി

12 (48) ശ്രീ. എ. എസ്. എൻ. നമ്പീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കാഷ്യൂ ഫാക്ടറി ഗവൺമെൻറ് ഏറെടുത്തു നടത്തുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിലുള്ള യുണൈറ്റഡ് കാഷ്യൂ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പൂട്ടിയിടപ്പെട്ടിട്ട് എത്രനാളുകളായി;

(സി) പ്രസ്തുത സ്ഥാപനം ഗവൺമെൻറ് ഏറെടുത്ത് നടത്താമെന്ന് ഉറപ്പുകൊടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുവരെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) രണ്ടുവർഷത്തിനുമേലായി. 7–9–1967–മുതൽ പൂട്ടിയിട്ടു.

(സി) ശരിയല്ല. എന്നാൽ ഈയിടെ രൂപീകരിച്ച കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഈ ഫാക്ടറി ഏറെടുത്തുനടത്തുന്നകാര്യം പരിഗണിച്ചുവരികയാണ്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly